(ഇ) ബാക്കിയുള്ള പ്രതികളുടെ അറസ്റ്റ് വൈകുന്നതിന്റെ കാരണമെന്താണെന്നും അവരെക്കൂടി കസ്റ്റഡിയിലെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) റാന്നി ഡിവിഷനിലെ രാജാംപാറ ഫോറസ്റ്റ് സ്റ്റേഷനു മുൻവശത്തു നിന്നിരുന്ന ചന്ദനമരം 8-4-2003-ലാണ് മറിച്ചുകടത്തിയത്. ഈ ചന്ദനമരത്തിന് 10,000 രൂപ മതിപ്പുവില നിശ്ചയിച്ചിട്ടുള്ളതാണ്.

(ബി) ഉണ്ട്.

(സി) ഈ കേസ്സുമായി ബന്ധപ്പെട്ട് കെ.എൽ.ക്യു. 8020 നമ്പർ ഫിയറ്റ്കാർ കസ്റ്റഡിയിലെടുത്തിട്ടുണ്ട്. പിടിച്ചെടുത്ത ചന്ദനത്തടി 54 കിലോ ഉണ്ടായിരുന്നു. ഇതിന് 37800 രൂപ വില കിട്ടാവുന്നതായാണ് മഹസ്സറിൽ രേഖപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഈ കേസ്സിൽ ആകെ 10 പ്രതികളാണുള്ളത്. ഇതിൽ 4 പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ഇ) ചുള്ളിമാനൂർ ഫ്ളൈയിംഗ് സ്ക്വാഡ് സ്റ്റാഫിന്റെയും പാലോട് റെയിഞ്ച് സ്റ്റാഫിന്റെയും സഹായത്തോടെ പ്രതികളെ കസ്റ്റഡിയിലെടുക്കാനുള്ള നടപടികൾ റാന്നി ഡിവിഷണൽ സ്റ്റാഫുകൾ സ്വീകരിച്ചുവരുന്നു.

അനധികൃത ചന്ദന ഫാക്ടറികൾ

118 (2568) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ :
ശ്രീ. കെ. കെ. ജയചന്ദ്രൻ :
ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. മഞ്ഞളാംകുഴി അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറി സർക്കാർ നിയന്ത്രണത്തിൽ കൊണ്ടുവരുന്നത് സംബന്ധിച്ച് നിയമസഭാ കമ്മിറ്റിയുടെ ശുപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അനധികൃത ചന്ദനഫാക്ടറികൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുവെന്ന് പറയാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അനധികൃത ചന്ദന ഫാക്ടറികളുടെ പേരും പ്രവർത്തിക്കുന്ന സ്ഥലവും ചുവടെ ചേർക്കുന്നു :

1. സൗത്ത് ഇന്ത്യൻ പെർഫ്യൂംസ്, വണ്ണാമട, ഗോപാലപുരം, നെന്മാറ (ഡിവിഷൻ)
2. വീനസ്സ് ഇൻഡസ്ട്രീസ്, നടുപ്പുണ്ണി, പാലക്കാട്, നെന്മാറ (ഡിവിഷൻ)

LIBRARY ARCHIVES Kerala Legislative Assembly

3. വുഡ്‌ലൈൻ ഇൻഡസ്ട്രീസ്, മോഗിൽമട, മണ്ണാമട, നെന്മാറ (ഡിവിഷൻ)

4. വാളയാർ റൂറൽ ഇൻഡസ്ട്രീസ്, വാളയാർ, പാലക്കാട്, പാലക്കാട്

5. ഫാത്തിമ പെർഫ്യൂമറി ഇൻഡസ്ട്രീസ്, മഞ്ചേശ്വരം, കണ്ണൂർ (ഡിവിഷൻ)

6. സ്റ്റാൻഡേർഡ് എസൻഷ്യൽ ഓയിൽ കമ്പനി, നായനാർമൂല ചെങ്കള, കണ്ണൂർ (ഡിവിഷൻ)

7. മലനാട് പെർഫ്യൂമറി ഇൻഡസ്ട്രീസ്, നായർമൂല, മുട്ടത്തൊടി, കണ്ണൂർ ഡിവിഷൻ

8. കേരള പെർഫ്യൂമറി മഞ്ചേശ്വരം, കണ്ണൂർ (ഡിവിഷൻ)

9. നീർച്ചാൽ പെർഫ്യൂമറി, നീർച്ചാൽ, കാസർഗോഡ്, കണ്ണൂർ (ഡിവിഷൻ)

10. ഉപ്പള ആരോമാറ്റിക്സ് ഇൻഡസ്ട്രീസ്, മങ്കൽപ്പാടി ഉപ്പള, കണ്ണൂർ (ഡിവിഷൻ)

11. ചെമ്മനാട് എസൻഷ്യൽ ഓയിൽ കമ്പനി, ചെമ്മനാട്, കാസർഗോഡ്, കണ്ണൂർ (ഡിവിഷൻ)

12. എം.എം. എസൻഷ്യൽ ഓയിൽ കമ്പനി, അയ്യൻകാവ്, കാഞ്ഞങ്ങാട്, കണ്ണൂർ (ഡിവിഷൻ)

13. കരൂർ എസൻഷ്യൽ ഓയിൽ കരൂർ, ചെറുപ്പുഴശ്ശേരി, കണ്ണൂർ (ഡിവിഷൻ)

14. മലബാർ റൂറൽ ഇൻഡസ്ട്രീസ്, മയ്യിൽ, കണ്ണൂർ (ഡിവിഷൻ)

വനം വകുപ്പിലെ ഉദ്യോഗസ്ഥരുടെ എണ്ണം

119 (2570) ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. അച്ചുതൻ :
ശ്രീ. ടി. എച്ച്. മുസ്തഫ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യത്തിന് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വനം വകുപ്പിൽ തസ്തികയിലും എക്സ്കേഡർ തസ്തികയിലും ഉൾപ്പെടെ പ്രിൻസിപ്പൽ കൺസർവേറ്റർ, ചീഫ് കൺസർവേറ്റർ, കൺസർവേറ്റർ, ഡെപ്യൂട്ടി കൺസർവേറ്റർ, അസിസ്റ്റന്റ് കൺസർവേറ്റർ, ഡി.എഫ്.ഒ. എന്നീ തസ്തികകളിൽ എത്ര ഉദ്യോഗസ്ഥൻമാർ വീതമുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly